LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലെ ഭരണസ്തംഭനം

289 (1763) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കക്ഷിക്കും ഒറ്റയ്ക്ക ഭൂരിപക്ഷമില്ലാത്ത പഞ്ചായത്തുകളിലെ ഭരണസ്തംഭനം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യുമോ ; വ്യക്തമാക്കുമോ?

ഉത്തരം

ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ/ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല. അതിനാൽ പഞ്ചായത്ത് രാജ് നിയമഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട്, ടൈപ്പിസ്റ്റ് തസ്തികകൾ

290 (1764) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ജൂനീയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്തതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുമെന്ന് കണ്ട് ആയത് നിരസിക്കുകയുമുണ്ടായി

(ബി) ഇക്കാര്യം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർ തസ്തിക

291(1765) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ട്, വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിക്കുന്നതിന് 12-6-2015-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ.10-34379/11 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2012-13	ഇല്ല.
2013-14	9 എണ്ണം(അമരമ്പലം, വളവന്നൂർ, ഇരിമ്പിളിയം, മേലാറ്റൂർ, ഏ.ആർ. നഗർ, നന്നമ്പ്ര, കഴിമണ്ണ, കാവനൂർ, വെട്ടം)
2014-15	10 എണ്ണം(നന്നമുക്ക്, പുറത്തൂർ, എടപ്പാൾ, ഊരകം, ചേലേമ്പ്ര, വെട്ടത്തൂർ, പൊന്മള, നിറമരുതൂർ, താനാളൂർ, പൊന്മുണ്ടം)

(ബി) ഇ.10-34379/11 നമ്പർ കത്തിനോടൊപ്പം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പേരു വിവരവും തസ്തികകളുടെ എണ്ണവും സംബന്ധിച്ച രേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാനുള്ള തീരുമാനം

292 (1766) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് എകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നഗരങ്ങളിലെ കെട്ടിടങ്ങൾക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത ആവശ്യം ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ;

(സി) കാസർകോട് ജില്ലാകമ്മിറ്റി ഇത്തരമൊരു ആവശ്യം ഉന്നയിക്കുകയും, വകുപ്പുമന്ത്രി യോഗം വിളിച്ച് ചേർക്കുകയും ഉണ്ടായോ ; എങ്കിൽ തീരുമാനം എന്തായിരുന്നു ;

(ഡി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും പ്ലേറ്റുകളുടെ ഗുണനിലവാരവും നിരക്കും പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായോ ; കമ്മിറ്റിയിൽ ധനകാര്യവകുപ്പിനെ പ്രതിനിധീകരിച്ച് ഉണ്ടായിരുന്നത് ആരാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.